## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1779 04.10.2011-ൽ മറുപടിക്ക്.

### അതിവേഗ റെയിൽ പാതയ്ക്കായി കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം .വി ശ്രേയാംസ് കുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽ പാതയ്ക്കായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ നടത്തിയ സാധ്യതാ പഠനം പൂർത്തിയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) &ബി) & (സി) :-<br>15.2.2010 -ലെ സ.ഉ (കൈ) നമ്പർ 28/2010/ഐ.ഡി നമ്പർ ഉത്തരവു പ്രകാരം കേരളത്തിൽ കാസർഗോഡിനെ തിരുനന്തപുരവുമായും കൊച്ചിയെ പാലക്കാടുമായും ബന്ധിപ്പിക്കുന്ന അതിവേഗ റെയിൽ ഇടനാഴിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഇതിന്റെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. DMRC - യെ പദ്ധതി യുടെ പ്രീഫീസിബിലിറ്റി പഠനം നടത്തുവാൻ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുന്നതിനുള്ള അനുമതി KSIDC ക്ക് നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.റ്റി. ബാലകൃഷ്ണനെ ഈ പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി 21-5-2011 മുതൽ നിയമിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കുവേണ്ടി JICA ലോണിനുള്ള അപേക്ഷ ശുപാർശ ചെയ്ത് നൽകുവാൻ റെയിൽവേ ബോർഡിനോട് 4.2.2011 ലെ 24907/ ജെ3/2009/ഐ.ഡി നമ്പർ കത്തു പ്രകാരം സംസ്ഥാന സർക്കാർ അപേക്ഷിച്ചിട്ടുണ്ട്. 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ ഇക്കാര്യം ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നും അനുകൂല മറുപടി പ്രതീക്ഷിക്കുന്നു. |
| (ബി) | പൊതുമേഖലാ- സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ; | |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഏതെങ്കിലും കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ.